"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ജീവനക്കാര്യം - ഡ്രഗ്സ് ഇൻസ്പെക്ടർ, റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ വിഭാഗങ്ങളിൽ അധിക തസ്തികകൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.47/2026/H&FWD തീയതി, തിരുവനന്തപുരം, 08-02-2026

---

പരാമർശം:- ഡ്രഗ്സ് കൺട്രോളറുടെ 22/07/2024, 23/12/2024, 11/07/2025, 23/09/2025 തീയതികളിലെ എസി4.18216/2019/ഡിസി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തിപഠനം അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിൽ ശിപാർശ ചെയ്ത പ്രകാരം ഡ്രഗ്സ് ഇൻസ്പെക്ടർ, സീനിയർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശം (1) പ്രകാരം ഡ്രഗ്സ് കൺട്രോളർ ശിപാർശ സമർപ്പിക്കുകയുണ്ടായി. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം 2000-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും പ്രവർത്തിക്കുന്നതെന്നും ടി കാലഘട്ടത്തിൽ സംസ്ഥാനത്ത് ഏകദേശം 13000-ത്തോളം ഔഷധ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്ന സമയത്തെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് കാൽ നൂറ്റാണ്ട് പിന്നിടുമ്പോഴും എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണമെന്നത് വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യത്തെ പിന്നോട്ടടിപ്പിക്കുന്നതാണെന്നും ഇന്ന് സംസ്ഥാനത്ത് 28000 ത്തോളം ഔഷധ വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും അതിനുപുറമെ നിയമാനുസൃതമായ ലൈസൻസുകൾക്ക് ഇളവ് ലഭിച്ചതുമായ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ ഒട്ടനവധി ക്ലിനിക്കുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതായ

ഗവൺമെന്റ് ആശുപത്രികൾ, വെറ്റിനറി ആശുപത്രി സ്റ്റോറുകൾ, ഇ.എസ്.ഐ സ്റ്റോറുകൾ, റെയിൽവേ ആശുപത്രികൾ എന്നിവ സംസ്ഥാനത്ത് ഒട്ടനവധിയാണെന്നും, മാത്രവുമല്ല മീഥൈൽ ആൽക്കഹോൾ, സയനൈഡ് ക്ലോറാൽ ഹൈഡ്രേറ്റ് തുടങ്ങി വിഷവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പോയ്സൺ പെർമിറ്റ്, പോയ്സൺ ലൈസൻസ് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും സംസ്ഥാനത്ത് ഉണ്ടെന്നും 2014, 2019, 2022 വർഷങ്ങളിൽ യഥാക്രമം എറണാകുളത്തും തൃശ്ശൂരിലും കോന്നിയിലും ആരംഭിച്ച ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തന സജ്ജമാകണമെങ്കിൽ കൂടുതൽ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കേണ്ടതും പരിശോധനയ്ക്കായി അയയ്ക്കേണ്ടതുമുണ്ടെന്നും നിലവിലെ സാഹചര്യത്തിൽ 47 ഉദ്യോഗസ്ഥരെക്കൊണ്ട് മാത്രം ഇത്രയും സ്ഥാപനങ്ങളുടെ ആനുകാലിക പരിശോധന നടത്തുകയും സാമ്പിൾ ശേഖരിക്കുകയും ചെയ്യുക എന്നത് തീർത്തും അസാധ്യമാണെന്നും, ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അധിക തസ്തികകൾ സൃഷ്ടിക്കണമെന്നത് അനിവാര്യമാണെന്നും ഡ്രഗ്സ് കൺട്രോളർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ, 10 ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകളും, 2 റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകളും അധികമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (13/01/2026 തീയതിയിലെ 827649/H&L-B1/92/2018-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

പൊതുഭരണ (എസ്.സി) വകുപ്പ് (04/02/2026 തീയതിയിലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇനം നം.3624 പ്രകാരം).

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്.

കരുതൽ ശേഖരം/ഓഫീസ് കോപ്പി (എഫ് 1/180/2024- ആരോഗ്യം നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 09-02-2026 11:06:59

സെക്ഷൻ ഓഫീസർ

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 04-02-2026**

ഫയൽ നം. എഫ്1/180/2024/ആകുവ. ഇനം നം: 3624

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ഡ്രഗ്സ് ഇൻസ്പെക്ടർ, റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

3624

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എഫ്1/180/2024/ആകുവ |
| 2. | വകുപ്പ് | : ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് |
| 3. | വിഷയം | : ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ഡ്രഗ്സ് ഇൻസ്പെക്ടർ, റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 24/01/2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ള- താണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഷൈജ.സി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.രാജൻ എൻ ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 29/01/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 02/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി.വീണാ ജോർജ്ജ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 03/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 03/02/2026 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തിപഠനം അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിൽ ശിപാർശ ചെയ്തത് പ്രകാരം ഡ്രഗ്സ് ഇൻസ്പെക്ടർ, സീനിയർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ സമർപ്പിച്ച ശിപാർശ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം 2000-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും പ്രവർത്തിക്കുന്നതെന്നും ടി കാലഘട്ടത്തിൽ സംസ്ഥാനത്ത് ഏകദേശം 13000-ത്തോളം ഔഷധ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്ന സമയത്തെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് കാൽ നൂറ്റാണ്ട് പിന്നിട്ടുമ്പോഴും എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണമെന്നത് വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യത്തെ പിന്നോട്ടടിപ്പിക്കുന്നതാണെന്നും ഇന്ന് സംസ്ഥാനത്ത് 28000 ത്തോളം ഔഷധ വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും അതിനുപുറമെ നിയമാനുസൃതമായ ലൈസൻസുകൾക്ക് ഇളവ് ലഭിച്ചതുമായ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ ഒട്ടനവധി ക്ലിനിക്കുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതായ ഗവൺമെന്റ് ആശുപത്രികൾ, വെറ്റിനറി ആശുപത്രി സ്റ്റോറുകൾ, ഇ.എസ്.ഐ സ്റ്റോറുകൾ, റെയിൽവേ ആശുപത്രികൾ എന്നിവ സംസ്ഥാനത്ത് ഒട്ടനവധിയാണെന്നും, മാത്രവുമല്ല മീഥൈൽ ആൽക്കഹോൾ, സയനൈഡ് ക്ലോറാൽ ഹൈഡ്രേറ്റ് തുടങ്ങി വിഷ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പോയ്സൺ പെർമിറ്റ്, പോയ്സൺ ലൈസൻസ് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും സംസ്ഥാനത്ത് ഉണ്ടെന്നും 2014, 2019, 2022 വർഷങ്ങളിൽ യഥാക്രമം എറണാകുളത്തും തൃശ്ശൂരിലും കോന്നിയിലും ആരംഭിച്ച ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തന സജ്ജമാകണമെങ്കിൽ കൂടുതൽ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കേണ്ടതും പരിശോധനയ്ക്കായി അയയ്ക്കേണ്ടതുമുണ്ടെന്നും നിലവിലെ സാഹചര്യത്തിൽ 47 ഉദ്യോഗസ്ഥരെക്കൊണ്ട് മാത്രം ഇത്രയും സ്ഥാപനങ്ങളുടെ ആനുകാലിക പരിശോധന നടത്തുകയും സാമ്പിൾ ശേഖരിക്കുകയും ചെയ്യുക എന്നത് തീർത്തും അസാധ്യമാണെന്നും ചൂണ്ടിക്കാട്ടി, ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ചുവടെ പട്ടിക പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കണമെന്ന് ഡ്രഗ്സ് കൺട്രോളർ ശിപാർശ ചെയ്തിരുന്നു.

| **ക്രമ.നം** | **തസ്തിക** | **എണ്ണം** |
|---|---|---|
| 1 | ഡ്രഗ്സ് ഇൻസ്പെക്ടർ | 15 |
| 2 | സീനിയർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ | 3 |
| 3 | അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | 3 |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| | **ആകെ** | **22** |

3. മേൽ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**'ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആകെ 12 തസ്തികകൾ( 10 ഡ്രഗ്സ് ഇൻസ്പെക്ടർ, 2 റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ ) തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു.**

**ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'**

4. ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് 12 അധിക തസ്തികകൾ **( 10 ഡ്രഗ്സ് ഇൻസ്പെക്ടർ, 2 റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ )** സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ 10 ഡ്രഗ്സ് ഇൻസ്പെക്ടർ , 2 റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കാമോ?